പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2449 **27-10-2026-ൽ മറുപടിയ്ക്ക്**

മിനിസ്റ്റീരിയൽ ജോലികൾ നിർവ്വഹിക്കുന്നതിന് ക്ലർക്ക് തസ്തികൾ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. പി. കെ. നവാസ് ശ്രീ. എം. ലിജു
(സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി)

(എ) എക്സൈസ് വകുപ്പിലെ മിനിസ്റ്റീരിയൽ ജോലികൾ നിർവഹിക്കുന്നതിനു ക്ലർക്ക് തസ്തികകൾ നിലവിലുണ്ടോയെന്ന് വ്യക്തമാക്കാമോ;

മറുപടി: എക്സൈസ് വകുപ്പിൽ ക്ലർക്ക് തസ്തികകൾ നിലവിലില്ല.

(ബി) എക്സൈസ് പ്രിവന്റീവ് ഓഫീസർമാർ നിലവിൽ മിനിസ്റ്റീരിയൽ ജോലികൾ ചെയ്യുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

മറുപടി: ഉണ്ട്.

(സി) പ്രിവന്റീവ് ഓഫീസർമാർക്ക് തങ്ങളുടെ ജോലികൾ കാര്യക്ഷമമായി നിർവ്വഹിക്കുന്നതിന് വകുപ്പിൽ പ്രത്യേക മിനിസ്റ്റീരിയൽ വിഭാഗം രൂപീകരിക്കുമോ?

മറുപടി: എക്സൈസ് വകുപ്പിൽ മിനിസ്റ്റീരിയൽ വിഭാഗം രൂപീകരിക്കുന്നതിനായി പുതിയ തസ്തികകൾ സൃഷ്ടിക്കുന്നത് സംസ്ഥാനത്തിന്റെ നിലവിലെ സാമ്പത്തിക സ്ഥിതിയിൽ ഉചിതമല്ലെന്ന് വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ, 2013 ലെ ധനകാര്യ പരിശോധന വിഭാഗത്തിന്റെയും, 2018 ലെ ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിന്റെയും ശിപാർശകൾ പരിഗണനാർഹമല്ലെന്ന് സർക്കാർ മുൻപ് തീരുമാനിച്ചിട്ടുണ്ടായിരുന്നുവെങ്കിലും, നിലവിൽ എക്സൈസ് വകുപ്പിൽ മിനിസ്റ്റീരിയൽ വിംഗ് രൂപീകരിക്കുന്നത് സംബന്ധിച്ചുള്ള വിഷയത്തിൽ ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ് പ്രവൃത്തിപഠനം നടത്തിവരികയാണ്.

സെക്ഷൻ ഓഫീസർ